പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1234 **15-10-2026-ൽ മറുപടിയ്ക്ക്**

എൽ പി എസ് റ്റി നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഗീതാ ഗോപി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഈ അധ്യയന വർഷം സർക്കാർ എൽ.പി. സ്കൂളുകളിൽ എത്ര ഡിവിഷൻ ഫാൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ബി) സർക്കാർ എൽ. പി. സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആയി പുനർനിശ്ചയിച്ച് ഡിവിഷൻ ഫാൾ ഒഴിവാക്കി അധ്യാപകരെ സംരക്ഷിക്കുന്നതിനും എൽ.പി.എസ്.റ്റി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ;

മറുപടി: KER പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്. എന്നാൽ 29.01.2016 ലെ GO(P) 29/2016/GEDN പ്രകാരം അധ്യാപക-വിദ്യാർത്ഥി അനുപാതം, 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 1:30, 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 1:35, 9, 10 ക്ലാസ്സുകളിൽ 1:45 എന്നിങ്ങനെ പുനർ:നിർണ്ണയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണം എന്ന ആവശ്യം സർക്കാറിന് അധിക ബാധ്യതയ്ക്ക് കാരണമാകുന്നതിനാൽ നിലവിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) മുൻ എൽ പി എസ് റ്റി റാങ്ക് ലിസ്റ്റിൽ നിന്ന് 4826 പേർക്ക് നിയമനം ലഭിച്ചപ്പോൾ 31.05.2025-ന് നിലവിൽ വന്ന കാറ്റഗറി നമ്പർ 709/2023 റാങ്ക് ലിസ്റ്റിൽ നിന്ന് 239 നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എൽ പി എസ് റ്റി തസ്തികയിലേക്ക് പുതിയ നോട്ടിഫിക്കേഷൻ വൈകിപ്പിക്കുന്നതിന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

മറുപടി: ജില്ലാ തലത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് PSC റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിളെ PSC ലഭ്യമാക്കുകയും വകുപ്പ് നിയമനം നടത്തുകയും ആണ് ചെയ്തു വരുന്നത്. പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്ന് പൂർണ്ണമായി നിയമനങ്ങൾ നടത്തുന്നതിനായി, റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ എണ്ണം കണക്കിലെടുത്തുമാത്രം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് പട്ടിക തയ്യാറാക്കുവാൻ പി.എസ്.സി ക്ക് നിർദ്ദേശം

നൽകുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ